**India Foundation for the Arts (IFA)** invites applications for
**Workshops/ Residencies**

under its **Arts Practice** Programme

## Applications are accepted throughout the year

കലാകൃത്തുക്കൾക്ക് അവരുടെ നിലവിലുള്ള പ്രയോഗ രീതികൾ പുതിയ ദിശകളിലേക്ക് വികസിപ്പിക്കുവാൻ സഹായിക്കുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള ആർട്സ് പ്രാക്ടീസ് പ്രോഗ്രാം പുതിയ പ്രൊപോസലുകൾ ക്ഷണിക്കുന്നു. സ്വീകാര്യമായ നടപ്പുരീതികളെ ചോദ്യം ചെയ്യുന്നതും; ഉള്ളടക്കം, ഘടന, മാധ്യമം എന്നിവയിൽ പുതിയ പരീക്ഷണങ്ങൾ സാധ്യമാക്കുന്നതും; ഇടം, പ്രേക്ഷകർ, സമൂഹങ്ങൾ എന്നിവയുമായി ഇടപഴകുന്നതും; പുതിയ മാതൃകകൾ പര്യവേഷണം ചെയ്യുന്നതും; പരീക്ഷണാത്മകതയെ മുൻകൂട്ടി കാണുന്നതുമായ പദ്ധതികളെയാണ് പ്രധാനമായും പ്രോത്സാഹിപ്പിക്കുന്നത്.

വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കലാകൃത്തുക്കൾ ഒരുമിക്കുമ്പോൾ, കലാത്മക രീതിശാസ്ത്രങ്ങളിൽ സുപ്രധാനമായ മുന്നേറ്റങ്ങളുണ്ടാകുന്നത് ഒരു ചരിത്ര വസ്തുതയാണ്. കലാകൃത്തുക്കളുടെ ഈ ഒത്തുചേരലുകൾ ദേശാതീതമോ തലമുറഭേദമെന്യേയോ ആകാനിടയുണ്ട്. ഇത്തരം സംഗമങ്ങളിലൂടെ കലാകൃത്തുക്കൾക്ക് അവരുടെ സാങ്കേതികതയും ആശയങ്ങളും ചർച്ച ചെയ്യാനും നവീകരിക്കാനും മെച്ചപ്പെടുത്താനും സാധിക്കും. ഇങ്ങനെ സംഘടിപ്പിക്കപ്പെടുന്നവർക്ക് ഷോപ്പുകളും റെസിഡൻസികളും ക്രിയാത്മക ഊർജം പ്രദാനം ചെയ്യുന്ന കൂട്ടായ്മകളുടെ സുപ്രധാന ഇടങ്ങളായി മാറിയേക്കാം. കലയിൽ നടക്കുന്ന ക്രിയാത്മക പ്രവർത്തനങ്ങൾ എങ്ങനെ വികസിക്കുന്നുവെന്ന് പര്യവേക്ഷണം ചെയ്യാനും അവയുടെ ലക്ഷ്യത്തിലേക്കുള്ള മാർഗങ്ങളെ പ്രതിഫലിപ്പിക്കാനുമുള്ള ഇടങ്ങളായി അവ മാറിയേക്കാം. ഇതുവരെ കേട്ടിട്ടില്ലാത്ത ശബ്ദങ്ങളെ കൂടി കേൾക്കാനുള്ള ഇടങ്ങളായി ഇത്തരം സംരംഭങ്ങൾ മാറാനിടയുണ്ട്.

വിനിമയം, സംഭാഷണം, സംവാദം, പഠനം, മാർഗനിർദേശം എന്നിവ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്ന വർക്ക്ഷോപ്പുകൾ/ റെസിഡൻസികൾക്കുള്ള പ്രൊപോസലുകൾ ഞങ്ങൾ ആർട്സ് പ്രാക്ടീസ് പ്രോഗ്രാം എന്ന നിലയിൽ ക്ഷണിക്കുന്നു. കലാകാരന്മാരെ പരിപോഷിപ്പിക്കുന്ന, സഹകരണം പ്രോത്സാഹിപ്പിക്കുന്ന, പരീക്ഷണം സുഗമമാക്കുന്ന റെസിഡൻസികൾ ഇതിൽ ഉൾപ്പെട്ടേക്കാം. കൂടാതെ വർക്ക്ഷോപ്പുകളോ അല്ലെങ്കിൽ അറിവ് വളർത്തിയെടുക്കാനും ഉൾക്കാഴ്ച സൃഷ്ടിക്കാനും കലാപരിശീലനങ്ങൾ വികസിപ്പിക്കാനും സഹായിക്കുന്ന കൂട്ടയ്മകളോ സംഘടിപ്പിക്കാൻ ഇത്തരം സംഘാടനങ്ങൾക്ക് സാധിക്കാനിടയുണ്ട്.

പദ്ധതിയുടെ കാലയളവ് : 6 മാസം വരെ

ബഡ്ജറ്റ് : പരമാവധി 3,00,000/ രൂപ വരെ

(നിർദ്ദിഷ്ട ബജറ്റിന്റെ 30% ൽ കവിയാത്ത ഓണറേറിയത്തിനായി നിങ്ങൾക്ക് അഭ്യർത്ഥിക്കാം)

പ്രൊപോസൽ സമർപ്പിക്കേണ്ട സമയം : വർഷത്തിൽ ഏത് സമയത്തും പ്രൊപോസലുകൾ അയക്കാം

**ആർക്കൊക്കെയാണ് പ്രൊപോസലുകൾ അയക്കാൻ കഴിയുന്നത്?**

കലയുമായി നേരിട്ടു ബന്ധമുള്ള വിഷയങ്ങൾ കേന്ദ്രീകരിച്ചും വിഷയാന്തർ സ്വഭാവമുള്ളതുമായ പദ്ധതികൾക്കാണ് കലാപ്രയോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കുന്നത്.

- സംഗീതം, ശബ്ദകല, അക്ഷര-വാക്യകല (ടെക്സ്റ്റ്), നൃത്തം, ചലനകല, നാടകം, പാവകളി, കഥ പറച്ചിൽ, മാജിക്, സർക്കസ് തുടങ്ങി അവതരണ സ്വഭാവമുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കലാപ്രയോക്താക്കൾ

- സിനിമ (ഡോക്യുമെന്ററിയും ഫിക്ഷനും), അനിമേഷൻ, ഫോട്ടോഗ്രഫി, ഇൻസ്റ്റലേഷൻ, ന്യൂമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, സമ്പർക്കസ്വഭാവമുള്ള കല, ഗെയിമിംഗ്, ചിത്രകല, ശിൽപ്പകല, പ്രിന്റ് മേക്കിംഗ്, കോമിക് പുസ്തകങ്ങൾ, ഗ്രാഫിക് ആഖ്യാനങ്ങൾ, ആർടിസ്റ്റ് ബുക്ക് തുടങ്ങിയ മാധ്യമങ്ങളിലും, പലതരം മാധ്യമങ്ങൾ സംയോജിപ്പിച്ചു കൊ ും സൃഷ്ടികൾ നടത്തുന്ന കലാപ്രയോക്താക്കൾ
- ഗാലറി സങ്കേതങ്ങൾക്ക് പുറത്ത് സംഘാടനം നിർവ്വഹിക്കുന്ന ക്യുറേറ്റർമാർ
- കവികൾ, നോവലിസ്റ്റുകൾ, നാടകകൃത്തുക്കൾ തുടങ്ങി സാഹിത്യാദി കലകളിൽ പ്രവർത്തിക്കുന്നവർ.
- വിഷയാന്തർസ്വഭാവത്തോടെ പ്രവർത്തിക്കുന്ന ക്രിയാത്മക പ്രവർത്തകർ.

**യോഗ്യത:**

നിങ്ങൾ ഒരു ഇന്ത്യൻപൗരനാണെങ്കിൽ പ്രോജക്റ്റ് പ്രൊപോസൽ അയയ്ക്കാൻ അർഹതയുണ്ട്. നിങ്ങളുടെ സഹപ്രവർത്തകരും ഇന്ത്യൻ പൗരന്മാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഇവിടെ ക്ലിക്ക് ചെയ്യുക.

**പ്രൊപോസലുകൾ എങ്ങനെ സമർപ്പിക്കാം?**

നിങ്ങളുടെ സി.വിയും (വിലാസം, ഫോൺ നമ്പർ, ഇമെയിൽ ഐഡി എന്നിവയോടൊപ്പം) ചുവടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രൊപോസലും ഞങ്ങൾക്ക് അയയ്ക്കുക:

- ഒരു പ്രയോക്താവ് എന്ന നിലയിൽ നിങ്ങളുടെ നിലവിലുള്ള കലാപ്രയോഗങ്ങൾ, ആശങ്കകൾ, താൽപ്പര്യങ്ങൾ
- പ്രോപോസലിൽ നിർദേശിച്ചിരിക്കുന്ന വർക്ക്ഷോപ്പ്/റെസിഡൻസി തെരഞ്ഞെടുത്തതിനു പിന്നിലുള്ള പ്രചോദനം.
- നടത്താനുദ്ദേശിക്കുന്ന വർക്ക്ഷോപ്പ്/റെസിഡൻസിയുടെ കേന്ദ്രവിഷയം
- വർക്ക്ഷോപ്പ്/ റെസിഡൻസി വിഷയത്തിന്റെ ആശയപരമായ വിശദീകരണം
- വർക്ക്ഷോപ്പ്/ റെസിഡൻസിയുമായി ബന്ധപ്പെട്ട ഫെസിലിറ്റേറ്റർമാർ / പങ്കാളികൾ / സഹകാരികൾ തുടങ്ങിയവർക്ക് ലഭിക്കാവുന്ന അറിവിന്റെയും അനുഭവത്തിന്റെയും സ്വഭാവം
- നടത്താനുദ്ദേശിക്കുന്ന വർക്ക്ഷോപ്പ്/റെസിഡൻസിയുടെ രീതികളും മാർഗങ്ങളും
- പദ്ധതി ആവിഷ്ക്കരിക്കുന്നതിനാവശ്യമായ വിശദമായ സമയക്രമവും ബജറ്റും
- മുൻപ് ചെയ്തിട്ടുള്ള കലാസൃഷ്ടികളുടെ ഉദാഹരണങ്ങൾ

ഇംഗ്ലീഷ് ഉൾപ്പെടെ ഏത് ഇന്ത്യൻ ഭാഷയിലും നിങ്ങളുടെ പ്രൊപോസൽ എഴുതാവുന്നതാണ്. ഇംഗ്ലീഷിതര ഇന്ത്യൻ ഭാഷകളിൽ സമർപ്പിക്കുന്ന പദ്ധതികളെ ഐഎഫ്എ പ്രോത്സാഹിപ്പിക്കുന്നു. IFA സ്റ്റാഫിൽ നിന്നുള്ള പ്രതികരണത്തിനായി നിങ്ങൾക്ക് നിങ്ങളുടെ ചോദ്യങ്ങളും ഡ്രാഫ്റ്റുമായി ബന്ധപ്പെട്ട ആശയങ്ങളും രേഖാമൂലമോ ഓഡിയോ അല്ലെങ്കിൽ വീഡിയോ ഫോർമാറ്റുകളിലോ ഞങ്ങൾക്ക് അയയ്ക്കാവുന്നതാണ്.

ഫൈനൽ പ്രൊപോസൽ Project Proposal for Workshops/Residencies (Arts Practice) എന്ന് subject line രേഖപ്പെടുത്തി, john@indiaifa.org എന്ന ഐഡിയിൽ ജോൺ സേവ്യറിന് ഇമെയിൽ ചെയ്യുക. നിങ്ങളുടെ പ്രൊപോസലിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കും വിശദീകരണത്തിനും ഇതേവിലാസത്തിൽ തന്നെ ഇമെയിൽ ചെയ്യുക.

**തെരഞ്ഞെടുക്കുന്ന എല്ലാ പദ്ധതികളും ഐ എഫ് എ നടപ്പിൽ വരുത്തുന്നതാണ്.**

കുട്ടികൾ ഉൾപ്പെടെ എല്ലാവരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും കരുതുകയും ചെയ്യുന്ന സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കാൻ IFA എപ്പോഴും പ്രതിജ്ഞാബദ്ധമായിരിക്കും. അപേക്ഷകർ ഐ എഫ് എ യുടെ ആശയങ്ങളുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അതിന്റെ മൂല്യത്തെ ഉയർത്തിപ്പിടിക്കുകയും വേണം.